പുസ്തകം ● മുഹമ്മദ് ശമീം

# അറിവുകളുടെ അമൂല്യ ശേഖരം

**അറിവിന്റെ** സമഗ്ര സമാഹാരത്തെയാണ് വിജ്ഞാനകോശം എന്നു പറയുന്നത്. ആ അര്‍ഥത്തില്‍ അറിവു പകരുകയും അതിന്റെ അടിസ്ഥാനത്തില്‍ യഥാര്‍ഥ ജീവിതത്തെ നിര്‍മിക്കാന്‍ സഹായിക്കുകയും ചെയ്യുകയെന്ന ഒരു ഗുരുവിന്റെ ധര്‍മമാണ് വിജ്ഞാനകോശങ്ങള്‍ നിറവേറ്റുന്നത് എന്നു കാണാം. ആധുനിക കാലത്ത് ക്രോഡീകരിക്കപ്പെട്ട വിജ്ഞാനകോശങ്ങള്‍ പക്ഷേ, കേവല അറിവിന്റെ സമാഹാരങ്ങള്‍ മാത്രമാണ്. അവ വഴികാട്ടുകയോ ജീവിതത്തെ നിര്‍ണയിക്കുകയോ നിര്‍വചിക്കുകയോ ചെയ്യുന്നില്ല.

ജീവിതത്തെ വഴികാട്ടുന്ന ദര്‍ശനവും സംസ്കാരത്തെ രൂപപ്പെടുത്തുന്ന പ്രത്യയശാസ്ത്രവുമായി ഇസ്‌ലാമിനെ കേരളത്തിന് പരിചയപ്പെടുത്താന്‍ ശ്രമിക്കുന്ന പ്രസിദ്ധീകരണാലയമാണ് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്. ലക്ഷ്യ സാക്ഷാത്കാരത്തിനായി സ്ഥാപനം ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളില്‍ ഏറ്റവും ശ്രദ്ധേയമായ ഒന്നത്രെ ഇസ്‌ലാമിക വിജ്ഞാനകോശ പരമ്പര. ഇസ്‌ലാമിക ദര്‍ശനത്തിന്റെയും മുസ്‌ലിം ലോകത്തിന്റെയും അതി ബൃഹത്തായ ലോകത്തിലേക്ക് അവ നമ്മെ നയിക്കുന്നുണ്ടെന്ന് തീര്‍ച്ച.



ഇപ്പോള്‍ പുറത്തിറങ്ങിയിരിക്കുന്ന ഒമ്പതാം വാല്യത്തില്‍ കോഴിക്കോട് മുതല്‍ ഖിലാഫത് പ്രസ്ഥാനം വരെ ആയിരത്തോളം ശീര്‍ഷകങ്ങളാണുള്ളത്. കോഴിക്കോടിനെക്കുറിച്ച് ഏറ്റവും മികച്ച റഫറന്‍സുകളിലൊന്നായിരിക്കും ഇതിലെ ലേഖനമെന്നു കരുതുന്നതില്‍ തെറ്റില്ല. കോഴിക്കോടില്‍ തുടങ്ങി ഇന്ത്യക്കകത്തും (വിശേഷിച്ചും കേരളത്തില്‍) പുറത്തുമുള്ള വളരെ പ്രധാനപ്പെട്ട ധാരാളം സ്ഥലങ്ങളെ, അവയുടെ ചരിത്രത്തിലെ മുസ്‌ലിം സ്വാധീനം, ജനസംഖ്യ, അതത് ദേശങ്ങളുടെ സാംസ്കാരിക, രാഷ്ട്രീയ വികാസത്തില്‍ ഇസ്‌ലാമിനുള്ള പങ്ക് തുടങ്ങിയവയെ മുന്‍നിര്‍ത്തി വിശകലനം ചെയ്യുന്നുണ്ട്. ലോക നാഗരികതയുടെയും മാനവ സംസ്കാരത്തിന്റെയും വളര്‍ച്ചയില്‍ ഇസ്‌ലാം ചെലുത്തുയ സ്വാധീനങ്ങളെയും സമര്‍പ്പിച്ചിട്ടുള്ള സംഭാവനകളെയും ഈ ലേഖനങ്ങളില്‍നിന്ന് വായിച്ചെടുക്കാം.

സാമാന്യം ദീര്‍ഘമായ ഒരു ലേഖനമാണ് കോഴിക്കോട് എന്ന ശീര്‍ഷകത്തിലുള്ളത്. മഹത്തായ സാംസ്കാരിക പൈതൃകവും സമര പാരമ്പര്യവും പേറുന്ന നാടാണിത്. പറങ്കി-മാപ്പിള നൂറ്റാണ്ട് യുദ്ധം മുതല്‍ സ്വാതന്ത്ര്യ സമരത്തിലെയും ഖിലാഫത് പ്രക്ഷോഭത്തിലെയും പങ്കാളിത്തം വരെയുള്ള സമര ചരിത്രം കോഴിക്കോടിനുണ്ട്. ഇതിന്റെ ലഘുവായതെങ്കിലും ആവേശോജ്വലമായ ചരിത്രം ഈ ലേഖനത്തില്‍നിന്ന് കിട്ടും.

സാംസ്കാരിക രംഗത്ത് കോഴിക്കോട്ടെ മുസ്‌ലിംകളുടെ സംഭാവനകളും വിലയിരുത്തപ്പെടുന്നുണ്ട്. ഖാദി മുഹമ്മദിന്റെ മുഹ്‌യിദ്ദീന്‍ മാല മുതല്‍ക്ക് മാപ്പിള കലയും സാഹിത്യവും കോഴിക്കോട്ട് വേരു പിടിച്ചിട്ടുണ്ട്. മഹാകവി മോയിന്‍കുട്ടി വൈദ്യര്‍ക്കും കോഴിക്കോടുമായി ബന്ധമുണ്ടായിരുന്നു. കൈമുട്ടിപ്പാട്ട് (പിന്നീട് ഒപ്പനയായി വികസിച്ചു), ദഫ്മുട്ട്, കോല്‍ക്കളി തുടങ്ങി അറബി മലയാള ബൈത്തുകള്‍, ഖവാലി തുടങ്ങിയവയുടെയെല്ലാം ചരിത്രത്തില്‍ കോഴിക്കോടിനുള്ള സ്ഥാനം വിജ്ഞാനകോശം അടയാളപ്പെടുത്തുന്നുണ്ട്. സാഹിത്യരംഗത്തും നാടക സിനിമാരംഗങ്ങളിലും ഈ പ്രദേശം അര്‍പ്പിച്ച സംഭാവനകളും വിലയിരുത്തപ്പെടുന്നു.

ക്രിസ്തുമതത്തെക്കുറിച്ച് സാമാന്യം വിപുലവും ആധികാരികവുമായ ലേഖനവും ഇതിലുണ്ട്. ക്രിസ്തുമത ചരിത്രത്തെയും തത്ത്വങ്ങളെയും ഇസ്‌ലാമിക പക്ഷത്തുനിന്നുകൊണ്ട് നോക്കിക്കാണാന്‍ ശ്രമിക്കുന്ന, എന്നാല്‍ ചരിത്ര വിവരണത്തില്‍ നിഷ്പക്ഷതയും സത്യസന്ധതയും പുലര്‍ത്തുന്ന ഈ ലേഖനം മത താരതമ്യവിജ്ഞാനത്തിലും ഉപകാരപ്രദമായിരിക്കും. ക്രിസ്ത്യന്‍ മിഷനറി പ്രവര്‍ത്തനങ്ങളെ ക്രൈസ്തവവത്കരണം എന്ന പേരില്‍ പരിചയപ്പെടുത്തുന്നുമുണ്ട്.

ചരിത്രം, സംസ്കാരം, ശാസ്ത്രം തുടങ്ങി വളരെ വിപുലമായിത്തന്നെയുള്ള വിഷയങ്ങള്‍ ഇസ്‌ലാമിക വിജ്ഞാനകോശം കൈകാര്യം ചെയ്യുന്നുണ്ട്. ചരിത്രാവശിഷ്ടങ്ങള്‍, ഭരണവംശങ്ങള്‍ തുടങ്ങിയവയില്‍ വളരെ അപൂര്‍വമായ വിവരങ്ങള്‍ ഉള്‍പ്പെടുത്തിയിരിക്കുന്നു. പത്തിലധികം കോട്ടകളെപ്പറ്റി വിവരണങ്ങളുണ്ട് ഒമ്പതാം വാല്യത്തില്‍. ദല്‍ഹി സുല്‍ത്താന്മാരില്‍ പെട്ട ഖില്‍ജികളെയും ഖറഖാനി, ഖറസി,

ഖറമാൻ-ഒഗുല്ലരി, ഖറമാൻലി, ഖാജാർ തുടങ്ങിയ രാജവംശങ്ങളെയും കുറിച്ച വിവരങ്ങൾ ഇതിൽ വായിക്കാം. നമ്മുടെ രാജ്യത്ത് ഖാൻ, ഖാൻ ബഹാദൂർ, ഖാൻസ്വാഹിബ് എന്നീ പേരുകളിൽ ബ്രിട്ടീഷ് ഭരണകാലത്ത് നിലനിന്നിരുന്ന പദവികളെയും ആ പേരുകളിൽ അറിയപ്പെട്ട വ്യക്തികളെയും പരിചയപ്പെടുത്തുന്നുണ്ട്. അൽഖമർ എന്ന ലേഖനത്തിൽ ചന്ദ്രനെക്കുറിച്ച ഖുർആനികവും ശാസ്ത്രീയവുമായ വിവരങ്ങളുണ്ട്. ഒപ്പം ജ്യോതിശാസ്ത്രത്തിൽ പൊതുവെയും ചന്ദ്രനുമായി ബന്ധപ്പെട്ട് വിശേഷിച്ചും വികസിച്ചുവന്ന വിജ്ഞാനത്തിന്റെ ചരിത്രവും ഇതിൽ മുസ്‌ലിംകളുടെ സംഭാവനകളും വരച്ചുകാണിക്കുന്നു. ഖരീത്വഃ(ഭൂപടനിർമാണം) എന്ന വിഷയത്തിലും ഇതുപോലൊരു പഠനം ചേർത്തിട്ടുണ്ട്. ക്ലോണിംഗ് തുടങ്ങിയ ശാസ്ത്ര സംബന്ധിയായി തലക്കെട്ടുകൾ വേറെയും.

കലക്കും സാഹിത്യത്തിനും വിജ്ഞാനകോശം നൽകുന്ന പരിഗണന എടുത്തുപറയേണ്ടതാണ്. മുസ്‌ലിം സമൂഹത്തിൽ ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ ഒട്ടേറെ സാഹിത്യകാരന്മാരും കലാകാരന്മാരും ഇതിന്റെ താളുകളിൽ പ്രത്യക്ഷപ്പെടുന്നു. കൂടാതെ വ്യത്യസ്ത കലാരൂപങ്ങളും. ഒമ്പതാം വാല്യം സ്വൂഫികളിലൂടെ വികാസം പ്രാപിച്ച സംഗീതരൂപമായ ഖവ്വാലി മുതൽ ഉത്തരേന്ത്യൻ സംഗീതത്തിലെ ഖയാൽ കൂടാതെ ഖയാലുള്ളില്ല്(നിഴൽനാടകം), ഖംരിയ്യ (Wine Poem, Bacchus), ഖസഫ്(കളിമൺ നിർമിതികൾ), ഖസീദഃ(ഖണ്ഡകാവ്യം) ഇങ്ങനെ വ്യത്യസ്ത കലാരൂപങ്ങളെക്കുറിച്ച അറിവു പകരുന്നു.

ഖബ്ർ, ഖബ്‌റാരാധന എന്നിവയുമായി ബന്ധപ്പെട്ട ലേഖനങ്ങളും ശ്രദ്ധേയമാണ്. ഖബ്‌റാരാധനയുമായി ബന്ധപ്പെട്ട് ഖുർആൻ, ഹദീസുകളുടെ വെളിച്ചത്തിലുള്ള വിശകലനത്തോടൊപ്പം അനാചാരത്തിലേക്കുള്ള സമൂഹത്തിന്റെ വ്യതിചലനവും സിയാറത്ത് ടൂർ ഉൾപ്പെടെ പുത്തൻ പ്രചാരണരീതികളും വിലയിരുത്തപ്പെടുന്നു. ഇന്നത്തെ ആത്മീയ വ്യാപാര പശ്ചാത്തലത്തിൽ ഈ ലേഖനത്തിന് പ്രസക്തിയേറുന്നു. ഇസ്‌ലാമിക ദർശനത്തിന്റെ സാമൂഹിക ഭാവത്തെ പരിചയപ്പെടുത്തുന്ന കുറേ ലേഖനങ്ങളുണ്ട്. *ഖത്വീഅത്തുർറഹ്മ്* (ബന്ധ വിഛേദനം) എന്നത് പ്രത്യേക സംജ്ഞയായി കൊടുത്തതിൽനിന്നുതന്നെ ഇസ്‌ലാമിക സാമൂഹികതയുടെ സ്വഭാവത്തെയും സാമൂഹിക- രക്ത ബന്ധങ്ങൾക്ക് ഇസ്‌ലാം നൽകുന്ന പ്രാധാന്യത്തെയും മനസ്സിലാക്കാം. *സ്വിലതുർറഹ്മ്* (ബന്ധസംഘാടനം) എന്നത് ഇതിന്റെ വിപരീതമാണെന്നും സൂചിപ്പിച്ചിരിക്കുന്നു.

ഇസ്‌ലാമിക ചരിത്രത്തിൽ സ്ത്രീകളുടെ പങ്കാളിത്തത്തേയും അവർക്ക് നൽകപ്പെടുന്ന അംഗീകാരത്തെയും കുറിച്ച സാക്ഷ്യപത്രവും കൂടിയായിത്തീരുന്നു വിജ്ഞാനകോശം. നബി പത്നി ഖദീജ മുതൽ കവയിത്രിയായ സ്വഹാബി വനിത ഖൻസാഅ് വരെയായി വിജ്ഞാനം, ഹദീസ് നിവേദനം, ചരിത്രം, കല, സാഹിത്യം, ഭരണം തുടങ്ങി വ്യത്യസ്ത മേഖലകളിൽ ശ്രദ്ധേയരായ ഒട്ടേറെ വനിതകളാണ് ഒമ്പതാം വാല്യത്തിന്റെ താളുകളിൽ നിറയുന്നത്. ഖാലിദ്ഇബ്നുൽ വലീദ്, ഖബ്ബാബ്ഇബ്നുൽ അറത്ത്, ഖബ്ബാബ് മൗലാ ഉത്ബ തുടങ്ങിയ ഒട്ടേറെ സ്വഹാബിമാരെയും ഈ വാല്യം പരിചയപ്പെടുത്തുന്നുണ്ട്. മദീനയിലെ ഖസ്റജ് ഗോത്രം, ഇസ്‌ലാമിന്റെ പൊതു ധാരയിൽ നിന്ന് വേർപെട്ട് രൂപപ്പെട്ട ആദ്യത്തെ അവാന്തര വിഭാഗമായ ഖവാരിജ് തുടങ്ങിയ വിഭാഗങ്ങൾ മുതൽ ഖാദിസിയ്യ യുദ്ധം തുടങ്ങിയ സംഭവങ്ങൾ വരെ ഇസ്‌ലാമിക ചരിത്രവുമായി ബന്ധപ്പെട്ട ശീർഷകങ്ങൾ ചരിത്ര പഠനത്തിന് വളരെയേറെ സഹായകമാണ്. ഖദ്‌രിയ്യ തുടങ്ങിയ ദാർശനിക അവാന്തര വിഭാഗങ്ങളേയും മുഅ്തസില വിഭാഗക്കാർ ഉയർത്തിയ ഖൽഖുൽ ഖുർആൻ(ഖുർആൻ സൃഷ്ടിവാദം) തുടങ്ങിയ പ്രശ്നങ്ങളേയുമൊക്കെ വാല്യത്തിൽ വിശദമായി വിവരിക്കുന്നുണ്ട്. തസ്വവ്വുഫുമായി ബന്ധപ്പെട്ട് ഖബ്ദ് തുടങ്ങിയ സംജ്ഞകൾ, ഖറഖാനി തുടങ്ങിയ വ്യക്തികൾ, ഖാദിരിയ്യ, ഖലന്ദരിയ്യ എന്നീ ത്വരീഖതുകൾ മുതലായ ലേഖനങ്ങൾ ഗാംഭീര്യമാർന്ന പഠനങ്ങളായിരിക്കുന്നു. ഖലം, ഖൽഖ് തുടങ്ങിയ വിഷയങ്ങളുടെ സ്വൂഫീ വിശകലനങ്ങളും അതത് ശീർഷകങ്ങളിൽ ചേർത്തിട്ടുണ്ട്. ഖൽബ് (ഹൃദയം/ മനസ്സ്) എന്ന ലേഖനം ഭൗതിക മാനസിക തലങ്ങളുൾക്കൊള്ളുന്ന മനുഷ്യനെക്കുറിച്ച സവിശേഷ പഠനമാണ്. ഇമാം ഗസ്സാലിയുടെ വിശകലനങ്ങളുൾക്കൊള്ളുന്ന പ്രസ്തുത ലേഖനം മനശ്ശാസ്ത്ര പഠനത്തിന് പ്രയോജനകരമാണ്.

വിശുദ്ധ ഖുർആനിലെ അധ്യായങ്ങളെക്കുറിച്ച അവലോകനം വിജ്ഞാനകോശ പരമ്പരയിലെ എടുത്തു പറയേണ്ട ഒരു സംഭാവനയാണ്. അൽകൗഥർ, അൽഖദ്ർ, അൽഖമർ, അൽഖലം, ഖാഫ് എന്നീ സൂറകളാണ് ഈ വാല്യത്തിൽ പരിചയപ്പെടുത്തപ്പെടുന്നത്. അല്ലാഹുവിന്റെ നാമങ്ങളിൽനിന്ന്(അസ്മാഉൽ ഹുസ്ന) അൽഖബീർ, അൽഖയ്യൂം, അൽഖഹ്ഹാർ തുടങ്ങിയവയെ സംബന്ധിച്ച ലഘു പഠനങ്ങളും ശ്രദ്ധേയമത്രെ. ഖലീഫഃ എന്ന ശീർഷകത്തിൽ ഖുർആൻ മനുഷ്യന് നിർണയിച്ചിട്ടുള്ള ദൗത്യമായ ഖിലാഫത് ചർച്ച ചെയ്യപ്പെടുന്നു. ഖിലാഫത് എന്ന ലേഖനത്തിൽ ഇസ്‌ലാമിക ഭരണക്രമത്തിന്റെ വിശദാംശങ്ങൾ കാണാം. ആധുനിക ജനാധിപത്യവുമായി ഖിലാഫത്തിനെ താരതമ്യം ചെയ്യുന്നുണ്ട്. ഖിലാഫതുർറാശിദഃയെക്കുറിച്ചും നല്ലൊരു വിശകലനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റവുമവസാനം ഖിലാഫത് പ്രസ്ഥാനത്തെക്കുറിച്ച സാമാന്യം വിപുലമായ ഒരു ലേഖനമാണ്. ഖിലാഫത് പ്രസ്ഥാനത്തെയും സമരത്തെയും വളരെ സമഗ്രമായി വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. മികച്ച കെട്ടും മട്ടും ആകർഷകമായ ബഹുവർണ ചിത്രങ്ങളും വിജ്ഞാനകോശത്തിന്റെ പുറങ്ങൾക്ക് മിഴിവ് കൂട്ടുന്നു.

ചില പോരായ്മകളും ചൂണ്ടിക്കാട്ടാവുന്നതാണ്. ഖാബീൽ എന്ന തലക്കെട്ടിൽ ആബേൽ-കായീൻ സംഘട്ടനവുമായി ബന്ധപ്പെട്ട് കേട്ടുകേൾവിയായി പ്രചരിച്ച കഥ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ അതിന് വല്ല സ്രോതസ്സുമുണ്ടെങ്കിൽ (അത് ഇസ്രാഈലിയ്യത്ത് ആണെങ്കിൽ പോലും) വെളിപ്പെടുത്തുകയോ അങ്ങനെയൊന്നില്ലെങ്കിൽ അത് വ്യക്തമാക്കുകയോ വേണ്ടിയിരുന്നു. ക്ലോണിംഗ് എന്ന ലേഖനം നന്നായിട്ടുണ്ടെങ്കിലും ഈസാ നബിയുടെ ജനനത്തെക്കുറിച്ച പരാമർശം അവിടെ വേണ്ടിയിരുന്നില്ലെന്ന് തോന്നി. ഖവാലി എന്ന തലക്കെട്ടിൽ വളരെ ചെറിയൊരു കുറിപ്പ് മാത്രമേയുള്ളൂ. സ്വൂഫീ കലയുടെ ഉദാത്ത ആവിഷ്കാരമായ ഖവാലിയെ പറ്റി കുറെക്കൂടി പഠനാർഹമായ ലേഖനം ഉൾപ്പെടുത്തേണ്ടിയിരുന്നു.

തീർത്തും സാഹസികമായ ഈ ദൗത്യം അത്യധികം പുണ്യകരം കൂടിയാണെന്നതിൽ തർക്കമുണ്ടാവില്ല. ഇതിന്റെ വാല്യങ്ങൾ പൂർത്തിയാവുമ്പോൾ മലയാള ഭാഷക്കുതന്നെ അത് വലിയൊരു നേട്ടമാകുമെന്ന് നമുക്കുറപ്പിച്ചു പറയാം. ഇതിന്റ അണിയറ ശിൽപികൾ കഠിനയത്നം തുടരുക തന്നെ വേണം.

*ഇസ്‌ലാമിക വിജ്ഞാനകോശം*
ഒമ്പതാം വാല്യം
പ്രസാധനം:
ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
വില: 800 രൂപ